# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.229 — 19/06/2013 ൽ മറുപടിക്ക്

### സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതിയിലെ അപാകതകൾ

**ചോദ്യം**

ശ്രീ. വി. ശശി
ശ്രീ. സി. ദിവാകരൻ
ശ്രീ. പി. തിലോത്തമൻ
ശ്രീ. ചിറയം ഗോപകുമാർ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സൗജന്യ ജനറിക് മരുന്ന് വിതരണ പദ്ധതി ആരംഭിച്ചതെന്നാണ്; ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ വിതരണം ചെയ്യാൻ കഴിയാത്തതിനാൽ ഈ പദ്ധതി പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സർക്കാർ ആശുപത്രികളിൽ ആദായനികുതി അടയ്ക്കുന്നവർ ഒഴികെ എല്ലാ വിഭാഗം രോഗികൾക്കും ജനറിക് മെഡിസിൻ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി 2012 നവംബർ ഒന്നാം തീയതി മുതലാണ് ആരംഭിച്ചത്. ഈ പദ്ധതി പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മരുന്നുകൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ കെട്ടിക്കിടന്ന് നശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | ഇല്ല. |
| (സി) | ഈ വിഭാഗത്തിൽപ്പെടുത്തി എത്രയിനം മരുന്നുകളാണ് വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നത് ; ഇവ ഏതെല്ലാം രോഗങ്ങൾക്ക് വേണ്ടിയുള്ളതായിരുന്നു ; | (സി) | അവശ്യമരുന്ന പട്ടികയിലും, റാഷണൽ ഡ്രഗ്ഗ് ലിസ്റ്റിലും പെട്ട 832 ഇനം മരുന്നുകളാണ് വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നത്. ഏതെല്ലാം ഇനം മരുന്നുകളാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അനസ്തേഷ്യ മരുന്നുകൾ<br>2. വേദന സംഹാരികൾ<br>3. അലർജി സംബന്ധമായ മരുന്നുകൾ<br>4. ആന്റിബയോട്ടിക്കുകൾ<br>5. ആന്റി ബാക്ടീരിയ സംബന്ധിച്ചവ<br>6. ജന്നി (സന്നി) (Epilepsy) രോഗങ്ങൾക്കുള്ള മരുന്നുകൾ<br>7. മലേറിയ രോഗത്തിനുള്ള മരുന്നുകൾ |

| | | | |
|---|---|---|---|
| | | | 8. ഫംഗസ് രോഗങ്ങൾക്കുള്ള മരുന്നുകൾ<br>9. ഹൃദ്രോഗങ്ങൾക്കുള്ള മരുന്നുകൾ<br>10. ഉദരസംബന്ധമായ രോഗങ്ങൾക്കുള്ള മരുന്നുകൾ<br>11. നേത്ര സംബന്ധമായ രോഗങ്ങൾക്കുള്ള മരുന്നുകൾ<br>12. പ്രസവ സംബന്ധമായി ആവശ്യമായ മരുന്നുകൾ<br>13. മാനസിക രോഗങ്ങൾക്കുള്ള മരുന്നുകൾ<br>14. ശ്വാസകോശ സംബന്ധമായ ചികിത്സയ്ക്കുള്ള മരുന്നുകൾ<br>15. മൂത്രാശയ സംബന്ധമായ രോഗങ്ങൾക്കുള്ള മരുന്നുകൾ<br>16. ത്വക് രോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ<br>17. വിറ്റാമിനുകൾ<br>ഇതു കൂടാതെ 5 മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രിയിലും കാൻസർ ചികിത്സയ്ക്കുള്ള മരുന്നുകളും വിതരണം ചെയ്യുന്നുണ്ട്. |
| (ഡി) | ജനറിക് മരുന്ന് വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഡി) | മരുന്നുകൾ തിരിഞ്ഞെടുത്തതിനെക്കുറിച്ചുള്ള പരാതികൾ സംസ്ഥാന തലത്തിലുള്ള Rational Prescribing Practices Committee പരിശോധിച്ച് തീരുമാനമെടുത്തു വരുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ Ware Housing, Inventory Management എന്നീ മേഖലകളിൽ പരിഷ്കാരങ്ങൾ വരുത്തി അവയിലുള്ള പ്രശ്നങ്ങളും പരിഹരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ